**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 703** **24-08-2022 - ൽ മറുപടിയ്ക്ക്**

**കുറ്റ്യാടി മണ്ഡലത്തിലെ പുരപ്പുറ സൗരോർജ്ജ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ** | | **ശ്രീ . കെ . കൃഷ്ണൻകുട്ടി (വൈദ്യുതി വകുപ്പ് മന്ത്രി)** | |
| (എ) | കുറ്റ്യാടി മണ്ഡലത്തിലെ എത്ര വീടുകളിൽ പുരപ്പുറ സൗരോർജ്ജ പദ്ധതി നടപ്പിലാക്കിയിട്ടുണ്ടെന്ന് പഞ്ചായത്ത് തിരിച്ച് അറിയിക്കാമോ; | (എ) | കുറ്റ്യാടി നിയോജക മണ്ഡലത്തിൽ കെ.എസ്.ഇ.ബി.എൽ. മുഖേന 58 വീടുകളിൽ പുരപ്പുറ സൗരോർജ്ജ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. പഞ്ചായത്ത് തിരിച്ചുള്ള വിവരം **അനുബന്ധമായി** ചേർക്കുന്നു. അനെർട്ട് മുഖേന കുറ്റ്യാടി, ആയഞ്ചേരി എന്നീ ഗ്രാമ പഞ്ചായത്തുകളിൽ ഉൾപ്പെടുന്ന ഓരോ ഉപഭോക്താക്കൾക്ക് 5 കിലോവാട്ട് ശേഷിയുള്ള പ്ലാന്റുകൾ സ്ഥാപിക്കുന്നതിനുള്ള നിർമ്മാണ പ്രവർത്തനവും ആരംഭിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടിക്രമങ്ങൾ വിശദമാക്കാമോ; | (ബി) | ഗാർഹിക ഉപഭോക്താക്കൾക്ക് മാത്രം അപേക്ഷിക്കാനാവുന്ന ഈ പദ്ധതിയിൽ കെ.എസ്.ഇ.ബി.എൽ-ന്റെ **E-KIRAN പോർട്ടൽ** (www.ekiran.kseb.in) വഴിയും അനെർട്ട് സജ്ജമാക്കിയിട്ടുള്ള '**ബൈ മൈ സൺ**' എന്ന ഓൺലൈൻ പോർട്ടൽ വഴിയും അപേക്ഷിക്കാവുന്നതാണ്. ഈ പദ്ധതിയിൽ 1 മുതൽ 3 കിലോവാട്ട് ശേഷി വരെയുള്ള നിലയങ്ങൾക്ക് 40% സബ്സിഡിയും 4 മുതൽ 10 കിലോവാട്ട് ശേഷിയുള്ള നിലയങ്ങൾക്ക് ആദ്യ 3 കിലോവാട്ടിന് 40 ശതമാനവും തുടർന്ന് ഓരോ കിലോവാട്ടിനും 20 ശതമാനവും സബ്സിഡി എന്ന രീതിയിൽ സബ്സിഡി നൽകുന്നു. എന്നാൽ ഹൗസിംഗ് സൊസൈറ്റികൾക്ക് 10 kw-നു മുകളിൽ 20 ശതമാനം സബ്സിഡി അനുവദിക്കുന്നുണ്ട്. കെ.എസ്.ഇ.ബി.എൽ. എം-പാനൽ ചെയ്ത ഡെവലപ്പർമാർ വഴിയാണ് പ്ലാൻറ് സ്ഥാപിക്കുന്നത്.അപേക്ഷകർ തെരഞ്ഞെടുക്കുന്ന ഡെവലപ്പർമാർ സ്ഥലം സന്ദർശിച്ച് ഫീസിബിലിറ്റി പരിശോധന നടത്തുകയും തുടർന്ന് പ്ലാൻറ് സ്ഥാപിക്കുന്നതിനുള്ള തുടർ നടപടി സ്വീകരിക്കുകയും ചെയ്യുന്നതാണ്. സബ്സിഡി കഴിഞ്ഞുള്ള തുകയാണ് ഉപഭോക്താക്കൾ പ്ലാന്റ് സ്ഥാപിക്കുന്ന കമ്പനികൾക്ക് നൽകേണ്ടത്. പദ്ധതി അവലോകനം |

| | | | |
|---|---|---|---|
| | | | ചെയ്യാൻ എല്ലാ കെ.എസ്.ഇ.ബി.എൽ സർക്കിൾ ഓഫീസിലും SC&M അസിസ്റ്റന്റ് എഞ്ചിനീയർമാരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. |
| (സി) | പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതുകൊണ്ടുള്ള പ്രയോജനങ്ങൾ എന്തൊക്കെയെന്ന് അറിയിക്കാമോ? | (സി) | ഒരു കിലോവാട്ട് ശേഷിയുള്ള സൗരോർജ്ജ പ്ലാന്റിൽ നിന്ന് പ്രതിദിനം ഏകദേശം നാല് യൂണിറ്റ് വൈദ്യുതി ലഭിക്കുന്നതാണ്. നിലവിലുള്ള വൈദ്യുതി ഉപഭോഗം കണക്കാക്കി അതിനനുസരിച്ച് ശേഷിയുള്ള സൗരോർജ്ജ പ്ലാന്റ് സ്ഥാപിക്കുന്നത് തുടർന്നുള്ള വൈദ്യുതി ബിൽ തുക ഒഴിവാക്കാൻ കഴിയുന്നതാണ്. അധികമായി ഉൽപ്പാദിപ്പിക്കുന്ന (സോളാർ ജനറേഷൻ) വൈദ്യുതി കെ.എസ്.ഇ.ബി.എൽ-ന്റെ ഗ്രിഡിലേക്ക് നൽകുക വഴി വരുമാനവും ഉറപ്പാക്കാൻ സാധിക്കുന്നു. ഇത് ഒക്ടോബർ 1 മുതൽ സെപ്റ്റംബർ 31 വരെയുള്ള (ഒരു വർഷം) കാലയളവിലെ ഉപഭോഗത്തിനെ അടിസ്ഥാന മാക്കിയാണ് കണക്കാക്കുന്നത്. കൂടാതെ ഹരിത ഊർജ്ജ ഉപയോഗം പരിസ്ഥിതി സംരക്ഷണത്തിനും സഹായകരമാണ്. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

| പഞ്ചായത്ത് | വീടുകളുടെ എണ്ണം |
|---|---|
| വേളം പഞ്ചായത്ത് | 4 |
| കുറ്റ്യാടി പഞ്ചായത്ത് | 8 |
| പുറമേരി പഞ്ചായത്ത് | 8 |
| അയാഞ്ചേരി പഞ്ചായത്ത് | 4 |
| വിളിയപ്പള്ളി പഞ്ചായത്ത് | 6 |
| തിരുവള്ളൂർ പഞ്ചായത്ത് | 8 |
| മണിയൂർ പഞ്ചായത്ത് | 12 |
| കുന്നമ്മൽ പഞ്ചായത്ത് | 8 |
| **ആകെ** | **58 എണ്ണം** |

സെക്ഷൻ ഓഫീസർ